## മുഖ്യ മന്ത്രിയുടെ  കണക്ക് ടു വർക്ക് പദ്ധതി

യുവാക്കളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും, അവരുടെ പഠനോത്സാഹം നിലനിർത്തുകയും, നൈപുണ്യ വികസനത്തിലൂടെ തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ്  ' മുഖ്യ മന്ത്രിയുടെ കണക്ക് ടു വർക്ക്. വിദ്യാർത്ഥികൾക്ക് മികച്ച ജോലി ലഭിക്കാൻ തൊഴിൽപരിശീലനത്തിനായുള്ള  സാമ്പത്തിക സഹായം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. നൈപുണ്യ പരിശീലനം പരിശീലനത്തിൽ പങ്കെടുക്കുന്നവർക്കും, മത്സരപരീക്ഷകൾക്കായി തയ്യാറെടുക്കുന്നവർക്കും പ്രതിമാസം 1000/- രൂപ സാമ്പത്തിക സഹായം (പരമാവധി ഒരു വർഷം) ഈ പദ്ധതി  പ്രകാരം നൽകുന്നു. യുവത്വത്തിന് വിജ്ഞാനത്തിന്റെ വെളിച്ചം പകരുന്ന സാംസ്കാരിക ഉണർവ്വിന്റെ പ്രതീകം കൂടിയാണ് ഈ പദ്ധതി.

### അർഹതാ മാനദണ്ഡങ്ങൾ

കേരളത്തിലെ സ്ഥിരതാമസക്കാരായിരിക്കണം അപേക്ഷകർ. അപേക്ഷ സാമർപ്പിക്കുന്ന വേളയിൽ 18 വയസ്സ് പൂർത്തിയായവരും 30 വയസ്സ് കവിയാത്തവരുമായിരിക്കണം അപേക്ഷകർ. കുടുംബ വാർഷിക വരുമാനം ഒരുലക്ഷം രൂപയിൽ കവിയാൻ പാടില്ല. പ്ലസ്ടു/വി.എച്ച്.എസ്.സി/ഐ.ടി.ഐ/ഡിപ്ലോമ/ഡിഗ്രി വിജയത്തിനു ശേഷം വിവിധ സ്കിൽ കോഴ്സുകൾ ചെയ്യുന്നവരോ/ വിവിധ ജോലിക്ക് വേണ്ടി മത്സരപരീക്ഷകൾക്ക് വേണ്ടി തയ്യാറെടുക്കുന്നവരോ ആയിരിക്കണം അപേക്ഷകർ.

അപേക്ഷകർ താഴെ പറയുന്ന ഏതെങ്കിലും വിഭാഗത്തിൽ ഉൾപ്പെടുന്നവരായിരിക്കണം.

കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, കേന്ദ്ര/സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ/അനുബന്ധ സ്ഥാപനങ്ങൾ, രാജ്യത്തെ അംഗീകൃത സർവ്വകലാശാലകൾ/ 'ഡീംഡ്' സർവ്വകലാശാലകൾ ,നിലവിൽ പ്രവർത്തിച്ചുവരുന്ന അംഗീകൃത സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നൈപുണ്യ പരിശീലനം നടത്തുന്നവരായിരിക്കണം.

- യു.പി.എസ്.സി, സംസ്ഥാന പി.എസ്.സി., സർവ്വീസ് സെലക്ഷൻ ബോർഡ്, കര, നാവിക, വ്യോമ സേന, ബാങ്ക്, റെയിൽവേ, മറ്റ് കേന്ദ്ര, സംസ്ഥാന പൊതുമേഖലാ റിക്രൂട്ട്മെന്റ് ഏജൻസികൾ നടത്തുന്ന മത്സര പരീക്ഷകൾക്ക് അപേക്ഷ സമർപ്പിച്ചവരായിരിക്കണം.

**<u>അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ</u>**

●കുടുംബ വാർഷിക വരുമാനം തെളിയിക്കുന്നതിനുള്ള രേഖ (ഒരു വർഷത്തിനുള്ളിനുള്ളിൽ അപേക്ഷകൻ/അപേക്ഷകയുടെ പേരിൽ വാങ്ങിയതായിരിക്കണം)

●പ്രായം തെളിയിക്കുന്നതിനുള്ള രേഖ (ജനന സർട്ടിഫിക്കറ്റ്/സ്കൂൾ സർട്ടിഫിക്കറ്റ് എന്നിവയിലെ ഏതെങ്കിലും ഒന്നിന്റെ പകർപ്പ് അപ്ലോഡ് ചെയ്യണം)

●മേൽ വിലാസം തെളിയിക്കുന്നതിനുള്ള രേഖ (ഇലക്ഷൻ ID/സ്കൂൾ സർട്ടിഫിക്കറ്റ്/ പാസ്സ്പോർട്ട്/ ഡ്രൈവിംഗ് ലൈസൺസ് എന്നിവയിലെ ഏതെങ്കിലും ഒന്നിന്റെ പകർപ്പ് അപ്ലോഡ് ചെയ്യണം)

●വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റ്

●ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ്(ബാങ്ക് പാസ്സ് ബുക്കിന്റെ ഫ്രണ്ട് പേജ്)

●നൈപുണ്യ പരിശീലനം നടത്തുന്ന സ്ഥാപന മേധാവി നൽകുന്ന കത്ത്/മൽസര പരീക്ഷകൾക്ക് അപേക്ഷിച്ചിട്ടുള്ള വിവരം തെളിയിക്കുന്ന രേഖ (അനുബന്ധം-1/അനുബന്ധം-2)

●പാസ്സ്പോർട്ട് സൈസ് ഫോട്ടോ.

**<u>പൊതുമാനദണ്ഡങ്ങൾ</u>**

●അപേക്ഷ 'eemployment.kerala.gov.in' എന്ന പോർട്ടൽ മുഖേന സമർപ്പിക്കേണ്ടതാണ്.

●പദ്ധതിയുടെ പ്രതിമാസ ആനുകൂല്യം 1000/- രൂപ (ആയിരം രൂപ മാത്രം) വീതം പരമാവധി 12 മാസമായിരിക്കും.

●വിധവാ പെൻഷൻ, വികലാംഗ പെൻഷൻ മുതലായ ഏതെങ്കിലും സാമൂഹ്യ ക്ഷേമ പെൻഷനുകൾ, വിവിധ തരം സർവ്വീസ് പെൻഷനുകൾ, കുടുംബ പെൻഷൻ, ക്ഷേമ നിധി ബോർഡുകളിൽ നിന്നുള്ള കുടുംബ പെൻഷൻ, ഇ.പി.എഫ് പെൻഷൻ മുതലായവ ലഭിക്കുന്നവർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല.

- ഈ സ്കോളർഷിപ്പ് നൈപുണ്യ വികസന പരിശീലന കോഴ്സ്/ മൽസര പരീക്ഷാ പരിശീലനങ്ങൾക്കല്ലാതെ മറ്റ് കോഴ്സുകൾക്ക് അനുവദിക്കുന്നതല്ല. (JEE,NET,SET,NET) തുടങ്ങിയ പ്രവേശന/എലിജിബിലിറ്റി ടെസ്റ്റുകൾക്ക് അനുവദിക്കില്ല)
- സംസ്ഥാനത്തിനകത്ത് നിന്നും താമസം മാറുകയോ, കേന്ദ്ര/സംസ്ഥാന സർക്കാർ സർവ്വീസ്, കേന്ദ്ര/സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ, പദ്ധതികൾ, സർവ്വകലാശാലകൾ, മറ്റ് സ്വയം ഭരണ/ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവയിൽ സ്ഥിരം/കരാർ നിയമനം ലഭിക്കുകയോ ചെയ്യുന്നതോട് കൂടി ഈ ആനുകൂല്യത്തിനുള്ള അർഹത ഇല്ലാതാകുന്നതാണ്.
- എല്ലാ ഗുണഭോക്താക്കളും പദ്ധതി മാനദണ്ഡങ്ങളുടെ പരിധിയിൽ വരുന്നുണ്ടെന്ന് കാണിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സത്യപ്രസ്താവന നല്കേണ്ടതാണ്.
- അനർഹമായി ആനുകൂല്യം കൈപ്പറ്റുന്നവരിൽ നിന്നും ഇത്തരത്തിൽ കൈപ്പറ്റിയ തുക 18% പലിശ സഹിതം തിരികെ ഈടാക്കുന്നതാണ്.
- അപേക്ഷ ലഭിക്കുന്ന തീയതിയുടെ മുൻഗണന ക്രമത്തിലായിരിക്കും സ്കോളർഷിപ്പ് അനുവദിക്കുക.